**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1362</u>    <u>15.6.2012-ൽ മറുപടിയ്ക്ക്</u>

**<u>കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി</u>**

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. എം. ഹംസ | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൃഷിവകുപ്പിന്റെ പദ്ധതി നിർവ്വഹണ പുരോഗതി വളരെ കറവാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ ; | (എ) ഇല്ല. കഴിഞ്ഞ അഞ്ച് വർഷത്തെ പുരോഗതി പരിശോധിക്കുമ്പോൾ ശരാശരി 92.62% തുക ചെലവഴിട്ടുണ്ട്.<br>2007-08-89 %<br>2008-09-95.1%<br>2009-10-94.97 %<br>2010-11-93.89 %<br>2011-12-90.07 % |
| (ബി) പാലക്കാട് ജില്ലയിൽ കാർഷിക നഷ്ടപരിഹാര ക്ലെയിമായി എത്ര രൂപയാണ് കർഷകർക്ക് നൽകിയത് എന്ന വിശദാംശം ലഭ്യമാക്കാമോ ; | (ബി) രൂപ 1,79,93,659/- (ഒരു കോടി എഴുപത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അറുനൂറ്റി അൻപത്തൊൻപത് രൂപ) കർഷകർക്ക് നഷ്ട പരിഹാര തുകയായി നൽകിയിട്ടുണ്ട്. |
| (സി) കൃഷിവകുപ്പിൽ പദ്ധതിപ്രവർത്തന നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (സി) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ ആരംഭിച്ചു കഴിഞ്ഞു<br>1) സർക്കാർ തലത്തിൽ ജില്ലാ ഉദ്യോഗസ്ഥരെ നേരിട്ട് വിളിച്ച് പദ്ധതി |

പുരോഗതി അവലോകനവും നിർവ്വഹണ തടസ്സങ്ങളും നീക്കുന്നതിനായി നിർദ്ദേശങ്ങളും നൽകുന്നു.

2)കൃഷി ഡയറക്ടർ തലത്തിൽ ജില്ലാ ഉദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ചുള്ള അവലോകനം.

3)കൃഷി ഡയറക്ടർ തലത്തിൽ രണ്ട് ആഴ്ചയിൽ ഒരിക്കൽ ജില്ലാ ഉദ്യോഗസ്ഥരുമായി വീഡിയോ സമ്പർക്കം നടത്തുന്നു.

4)ജില്ലകളിൽ നേരിട്ട് പോയി ഫീൽഡ് തലത്തിൽ പദ്ധതി നിർവ്വഹണം നിരീക്ഷിക്കുന്നതിനായി അഡീഷണൽ ഡയറകടറുടെ നേതൃത്വത്തിൽ '' നോഡൽ ഓഫീസറെ '' ചുമതലപ്പെടുത്തി കഴിഞ്ഞു.

5)കർഷകർക്ക് പദ്ധതി പണം നേരിട്ട് ബാങ്ക് വഴി നൽകുന്നതിനുള്ള നടപടിക്രമം കൃഷി ഉദ്യോഗസ്ഥരുടെ സേവനം പദ്ധതിയിൽ നിർവ്വഹണത്തിൽ കൂടുതലായി ഇടപെടുത്താൻ കഴിയുന്നു.

(ഡി) പാലക്കാട് ജില്ലയിൽ, എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകളുണ്ട്; അത് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

(ഡി) പാലക്കാട് ജില്ലയിൽ നിലവിൽ അഞ്ചു കൃഷി ഓഫീസർമാരുടെ ഒഴിവുകളുണ്ട്.

കേരള പബ്ളിക് സർവ്വീസ് കമ്മീഷനിൽ നിന്നും ഇപ്പോൾ ഏഴു കൃഷി ഓഫീസർമാരെ പുതുതായി നിയമിക്കാൻ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

Sobhana

**സെക്ഷൻ ഓഫീസർ**